നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സുലഭമായി കിട്ടുന്നതിന് നടപടി

30(*180) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണ ജനങ്ങൾക്ക് ന്യായവിലയിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സപ്ലൈകോയുടെ സൂപ്പർമാർക്കറ്റുകളിലും ഔട്ട്ലൈറ്റുകളിലും സബ്സിഡി നിരക്കിലുള്ള അരിയും മറ്റു നിത്യോപയോഗ സാധനങ്ങളും മിക്കപ്പോഴും ഔട്ട് ഓഫ് സ്റ്റോക്ക് ആകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങൾ സുലഭമായി കിട്ടുന്നതിനായി എന്തുനടപടികൾ സ്വീകരിച്ചുവെന്നും ഇനി എന്ത് നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി ദിവാകരൻ) : സർ,

(എ) സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന അരി, ചെറുപയർ, കടല എന്നിവ ചില വിൽപ്പനശാലകളിൽ അപൂർവ്വ സന്ദർഭങ്ങളിൽ സ്റ്റോക്കില്ലാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബ്സിഡി നരിക്കിൽ (12/70) വിതരണം ചെയ്യുന്ന അരി എഫ്.സി.ഐ.യിൽ നിന്നും സ്റ്റോക്കെടുത്താണ് വിതരണം ചെയ്യുന്നത്. ഇത് അവിടെ നിന്നും ലഭിക്കാനുള്ള കാലതാമസം മൂലം വിൽപ്പന ശാലകളിൽ സ്റ്റോക്കില്ലാതെ വന്നിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതിയിൽപ്പെടുത്തി വാങ്ങുന്ന ചെറുപയർ, കടല എന്നിവയും സ്റ്റോക്കില്ലാതെ വന്നിട്ടുണ്ട്.

(ബി) 12/70 രൂപ നിരക്കിൽ വിതരണം നടത്തുന്ന അരി പരാമവധി സ്റ്റോക്കെടുത്ത് വിൽപ്പനശാലകളിൽ എത്തിച്ചിട്ടുണ്ട്. ചെറുപയർ, കടല എന്നിവ പൊതുവിപണിയേക്കാൾ ശരാശരി 20% വിലക്കുറവിൽ ആവശ്യാനുസരണം വിൽപ്പനശാലകളിൽ നിന്നും വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്രിസ്തുമസ് പ്രമാണിച്ച് സോർട്ടക്സ് ഇനത്തിലുള്ള പച്ചരി ബോധന അരി, മട്ടയരി എന്നിവ കിലോഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്യാനുള്ള നടപടി യെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly